പ്രേഷിതൻ,

എൽദോസ്.എം,മാത്യു
മേപ്പുറത്ത് (വീട്)
തൃക്കളത്തൂർ പി.ഒ
തൃക്കളത്തൂർ - 683541
എറണാകുളം

സ്വീകർത്താവ്,

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
Directorate of Social Justice
Vikas Bhavan - Tvm

031413

THE DIRECTOR OF SOCIAL JUSTICE OFFICE TRIVANDRUM AUG 2017

വിഷയം : വിവരാവകാശ നിയമം 2005 പ്രകാരം താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

1. ഈ സ്ഥാപനത്തിൽ എൽ.ജി.എസ് (ഓഫീസ് അറ്റൻഡന്റ്, പ്യൂൺ, വാച്ച്മാൻ, ലാസ്ക്കർ, ക്ലാസ്സ് ഫോർ ജീവനക്കാർ)ന്റെ എത്ര തസ്തിക അനുവദിച്ചിട്ടുണ്ട്.
2. ഈ സ്ഥാപനത്തിന്റെ കീഴിൽ (പരിധിയിൽ) എറണാകുളം ജില്ലയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവയിൽ മേൽപ്പറഞ്ഞ തസ്തികൾ എത്രഅനുവദിച്ചിട്ടുണ്ട്? (സ്ഥാപനം തിരിച്ചുള്ള വിവരം).
3. മേൽപ്പറഞ്ഞ തസ്തികകളിൽ ഈ സ്ഥാപനത്തിലോ, ഇതിന്റെ പരിധിയിൽ വരുന്ന എറണാകുളം ജില്ലയിലെ സ്ഥാപനങ്ങളിലോ നിലവിൽ ഒഴിവുകൾ ഉണ്ടോ ? ഉണ്ടെങ്കിൽ ഒഴിവുകൾ വന്നതീയ്യതി (ഒരോ സ്ഥാപനങ്ങളിലെയും തരം തിരിച്ച്)
4. മേൽപ്പറഞ്ഞ തസ്തികളിൽ താൽക്കാലിക ജീവനക്കാർ (കരാർ ജീവനക്കാർ) Employement Exchange മുഖേനയോ, ഈ സ്ഥാപനത്തിലോ, എറണാകുളം ജില്ലയിലെ സ്ഥാപനത്തിലോ ഒഴിവുകൾ നികത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ നിയമനതീയ്യതിയും, തസ്തികയുടെ പേരും തരണമെന്ന് അപേക്ഷിക്കുന്നു.
5. നിലവിൽ ഉള്ള ഒഴിവുകൾ PSC/Head Office ലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ഫയൽ നമ്പരും തീയ്യതിയും തരണ മെന്ന് അപേക്ഷിക്കുന്നു. (ഈ സ്ഥാപനത്തിലെയും എറണാകുളം ജില്ലയിലെ സ്ഥാപനങ്ങളിലെയും തരം തിരിച്ച്)
6. ഈ സ്ഥാപനത്തിന്റെയും ഇതിന്റെ പരിധിയിൽ വരുന്ന എറണാകുളം ജില്ലയിലെ സ്ഥാപനങ്ങളിലെയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് ഏത് ഓഫീസിലേക്ക് ആണ്. ആ ഓഫീസിന്റെ അഡ്രസ്സ് തരണമെന്ന് അപേക്ഷിക്കുന്നു.
7. ഈ സ്ഥാപനത്തിന്റെയും ഇതിന്റെ പരിധിയിൽ വരുന്ന എറണാകുളം ജില്ലയിലെ സ്ഥാപനങ്ങളിലെയും മേൽപ്പറഞ്ഞ തസ്തികയിലെ ഒഴിവുകൾ സർക്കാർ നിർദ്ദേശിച്ച സമയത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിരിക്കുകയോ, മറ്റേതെങ്കിലും കാരണം കൊണ്ട് റിപ്പോർട്ട് ചെയ്യാതിരിക്കുകയോ ചെയ്തിട്ടുള്ള ഒഴിവുകൾ ഉണ്ടെങ്കിൽ എത്ര ? കാരണം വ്യക്തമാക്കുക ?
8. ഈ സ്ഥാപനത്തിന്റെയും ഇതിന്റെ പരിധിയിൽ വരുന്ന എറണാകുളം ജില്ലയിലെ സ്ഥാപനങ്ങളിലെയും Staff Pattern Copy ഇതിനോടൊപ്പം മറുപടിയിൽ അയച്ചുതരണമെന്ന് അപേക്ഷിക്കുന്നു.
9. ഈ സ്ഥാപനത്തിന്റെയും ഇതിന്റെ പരിധിയിൽ വരുന്ന എറണാകുളം ജില്ലയിലെ സ്ഥാപനങ്ങളിലെയും 01/01/2016 മുതൽ സർക്കാർ പുതിയ തസ്തിക അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകൾ ? അവയിൽ നിയമനം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ നിയമന തീയതി?
10. വിരമിക്കൽ, പ്രമോഷൻ, സ്ഥലമാറ്റം മൂലമോ ഈ സ്ഥാപനത്തിന്റെയും ഇതിന്റെ പരിധിയിൽ വരുന്ന എറണാകുളം ജില്ലയിലെ സ്ഥാപനങ്ങളിലും 31/12/2017 വരെ മേൽപ്പറഞ്ഞ തസ്തികയിൽ എത്ര ഒഴിവ് ഉണ്ടാകും.
11. ഈ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന എറണാകുളം ജില്ലയിലെ സ്ഥാപനങ്ങളിലെ ഒഴിവുകൾ ഈ സ്ഥാപനത്തിലേക്ക് ആണ് റിപ്പോർട്ട് ചെയ്യുന്നത് എങ്കിൽ 01/03/2017 മുതൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകൾ എണ്ണം എത്ര ? ഫയൽ നമ്പർ ? തീയ്യതി ? എന്നിവ തരണമെന്ന് അപേക്ഷിക്കുന്നു.

വിനീത പൂർവ്വം

സ്ഥലം : തൃക്കളത്തൂർ
തീയ്യതി : 8/8/17